"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി സ്ഥാപിച്ച സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.), KBIC, പാലക്കാട് യൂണിറ്റും 6 തസ്തികകളും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KBIC, പാലക്കാട് യൂണിറ്റും 13 തസ്തികകളും - ഉടൻ പ്രാബല്യത്തിൽ പിരിച്ച് വിട്ടും തസ്തികകൾ നിർത്തലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1213/2026/RD തീയതി,തിരുവനന്തപുരം, 03-07-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.2609/2020/റവ, തീയതി, 14-08-2020.
2. സ.ഉ.(സാധാ) നം.457/2025/റവ, തീയതി, 19-02-2025.
3. സ.ഉ.(പി) നം.39/2024/ധന, തീയതി, 28-05-2024.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-02-2026, 12-05-2026 എന്നീ തീയതികളിലെ LR/1160/2021-LR(C5) നമ്പർ കത്തുകൾ.

**ഉത്തരവ്**

1. പാലക്കാട് ജില്ലയിൽ കിൻഫ്ര (KINFRA) മുഖേന കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴിക്കായി (Kochi - Bengaluru Industrial Corridor) 1800 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് മാത്രമായി ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ യൂണിറ്റും സ്പെഷ്യൽ തഹസിൽദാർ യൂണിറ്റും ഒരു വർഷത്തെ കാലയളവിലേക്ക് താൽക്കാലികമായി രൂപീകരിക്കുന്നതിനും, ഇതിനായി ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ തസ്തിക താൽക്കാലികമായി സൃഷ്ടിക്കുന്നതിനും; റെയിൽവേ (LA) മൂവാറ്റുപുഴ സ്പെഷ്യൽ തഹസിൽദാർ, റെയിൽവേ (LA) പെരുമ്പാവൂർ സ്പെഷ്യൽ തഹസിൽദാർ എന്നീ യൂണിറ്റുകൾ നിർത്തലാക്കിക്കൊണ്ട് 13 ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും; മറ്റ് തസ്തികകൾ കരാർ അടിസ്ഥാനത്തിൽ നികത്തുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവ് പ്രകാരം അനുമതി നൽകിയിരിക്കുന്നു:
2. ഡെപ്യൂട്ടി കളക്ടർ (എൽ.എ), കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി, പാലക്കാട്

യൂണിറ്റിലെ 6 തസ്തികകൾക്കും സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി, പാലക്കാട് യൂണിറ്റിലെ 13 തസ്തികകൾക്കും പരാമർശം (2) പ്രകാരം 14-11-2024 മുതൽ തുടർച്ചാനുമതി നൽകുകയും, ആയത് 13-11-2025-ൽ അവസാനിക്കുകയും ചെയ്തിട്ടുണ്ട്.

3. മേൽ യൂണിറ്റുകൾക്ക് 13-11-2025-ൽ തുടർച്ചാനുമതി അവസാനിച്ചിട്ടുള്ളതിനാൽ പ്രസ്തുത യൂണിറ്റിലെ തസ്തികകൾ പുനർവിന്യസിക്കുന്നതിന് പരാമർശ കത്തുകൾ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ സമർപ്പിച്ചിരുന്നു. കൂടാതെ പ്രസ്തുത യൂണിറ്റുകളിലെ 13-11-2025 വരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് തുകയായ 82,58,932/-രൂപ അർത്ഥനാധികാരിയായ കിൻഫ്ര ഒടുക്കുവരുത്തിയതായും പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം, സർക്കാർ ഇതര ഏജൻസികൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളുടെ പ്രവർത്തനത്തിന് വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. വിവിധ ഏജൻസികൾക്കായി രൂപീകരിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ പ്രസ്തുത വർക്കിന്റെ പൂർത്തികരണത്തോടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതും പ്രസ്തുത യൂണിറ്റുകൾ പിരിച്ച് വിടേണ്ടതും, തസ്തികകൾ അബോളിഷ് ചെയ്യേണ്ടതുമാണ് എന്ന് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി സ്ഥാപിച്ച സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ), KBIC, പാലക്കാട് യൂണിറ്റും 6 തസ്തികകളും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KBIC, പാലക്കാട് യൂണിറ്റും 13 തസ്തികകളും, ഉടൻ പ്രാബല്യത്തിൽ പിരിച്ച് വിട്ടും തസ്തികകൾ നിർത്തലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പ്രസ്തുത യൂണിറ്റുകൾ നിർത്തലാക്കുന്ന തീയതി വരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് തുക അർത്ഥനാധികാരിയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

2. ജില്ലാ കളക്ടർ, പാലക്കാട്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (1487678/Exp-A1/122/2020-Fin dated, 12-03-2026)
5. വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-B3/40/2026-REV)

ഉത്തരവിൻ പ്രകാരം

Signed by
Sandhya S
Date: 03-07-2026 16:58:16

സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.ക്ക്